# റമദാനെപ്പറ്റി ഖുർആനിൽ

“സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവരാകാൻ വേണ്ടിയത്രെ അത്.” അൽബഖറ: 183

“എണ്ണപ്പെട്ട ദിനങ്ങളിലാണ് (നോമ്പ്). നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) (പ്രയാസം അനുഭവിച്ചു മാത്രം) അതിന് സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന് ഭക്ഷണം പ്രായശ്ചിത്തമായി നല്കേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അവന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവ രാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം.”

അൽബഖറ: 184

“ജനങ്ങൾക്ക് മാർഗദർശകമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ച് കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാകുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാകുന്നു. ആരെങ്കലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിൻെറ പേരിൽ അല്ലാഹുവിൻെറ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ ഇത്.” അൽബഖറ: 185

“നോമ്പിൻെറ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്കനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങളുടെ വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്ര മാകുന്നു. ഭാര്യാസംസർഗം നിഷിധമായി കരുതി നിങ്ങൾ ആത്മവഞ്ചനയിൽ അകപ്പെടുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനിമേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. പുലരിയുകട വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞു കാണുമാറാകുന്നതുവരെ. എന്നിട്ട് രാത്രി യാകും വരെ നിങ്ങൾ വ്രതം പൂർണമായി അനുഷ്ഠിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് ഇരിക്കുമ്പോൾ അവരുമായി സഹവസിക്കരുത്. അല്ലാഹുവിൻെറ അതിർവരമ്പുകാന്നു അവയൊക്കെ. നിങ്ങൾ അവയെ അതിലംഘിക്കുവാനടുക്കരുത്. ജനങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നവാനായി അല്ലാഹു അപ്രകാരം അവൻെറ ദൃഷ്ടാന്തങ്ങൾ അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നു.”

അൽബഖറ: 187

തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) വിധിനിർണയ രാവിൽ അവതരിപ്പിച്ചിരിക്കുന്നു. വിധിനിർണയരാവ് എന്തെന്ന് നിനക്കെന്തറിയാം? വിധിനിർണയ രാവ് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും പരിശുദ്ധാത്മാവും എല്ലാ കാര്യങ്ങളെം സംബന്ധിച്ചുമുള്ള അവരുടെ രക്ഷിതാവിൻെറ ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയം വരെ അത് സമാധാനമാകുന്നു.

ഖദ്ർ: 1-5

ജനങ്ങൾക്കുവേണ്ടി ഉയിർത്തെഴുന്നേല്പിക്കപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

ആലുഇംറാൻ: 110

ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നല്കിയതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. എന്നാൽ അവർ പ്രവർത്തിരുന്നതിനുള്ള പ്രതിഫലമായി കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കു വേണ്ടി രഹസ്യമാക്കിവെച്ചതെന്ന് ഒരാൾക്കും അറിയാവുന്നതല്ല.

ഫുസ്സിലത്: 16

തീർച്ചയായും അല്ലാഹുവിൻെറ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം മുറപ്രകാരം നിലനിറുത്തുകയും നാം നല്കിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു.

ഫാത്വിർ: 29

യാതൊരറിവുമില്ലാതെ ദൈവമാർഗത്തിൽനിന്ന് ജനങ്ങളെ തെറ്റിച്ചുകളയാനും അതിനെ പരിഹാസ്യമാക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലയ്ക്ക് വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്.

ലുഖ്മാൻ: 6

നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്ത് നല്കുകയും അല്ലാഹുവിന് ഉത്തമമായ കടം നല്കുകയും ചെയ്യുക. സ്വദേഹങ്ങൾക്ക് വേണ്ടി നിങ്ങൾ എന്തൊരു നന്മ മുൻകൂട്ടി ചെയ്തുവെക്കുകയാണെങ്കിലും അല്ലാഹുവിങ്കൽ അത് ഗുണകരവും ഏറ്റവും മഹത്തായ പ്രതിഫലമുള്ളതുമായി നിങ്ങൾ കണ്ടെത്തുന്നതാണ്.

മുസ്സമ്മിൽ 20